**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2646** **04-03-2025 - ൽ മറുപടിയ്ക്ക്**

**പുനലൂർ മണ്ഡലത്തിൽ പുതിയ സെക്ഷൻ ഓഫീസ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ പി എസ് സുപാൽ | | ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | പുനലൂർ സബ് ഡിവിഷനിലെ അഞ്ചൽ സെക്ഷൻ പരിധിയിൽ ഉൾപ്പെടുന്ന മലയോര പ്രദേശമായ ഏരൂർ കേന്ദ്രീകരിച്ച് പുതിയ സെക്ഷൻ ഓഫീസ് അനുവദിക്കുന്നത് സംബന്ധിച്ച വിഷയത്തിന്മേൽ തീരുമാനമെടുത്തിട്ടുണ്ടോ; എങ്കിൽ അതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ; | (എ) | പുതുതായി ഓഫീസുകൾ ആരംഭിക്കു ന്നതിന് അധികമായി മാനവശേഷി ആവശ്യമായി വരുമെന്നതിനാലും ഇതി നായി ചെലവഴിക്കേണ്ടിവരുന്ന തുക താരിഫിൽ ഉൾക്കൊള്ളിക്കുന്നതു വഴി വൈദ്യുതി നിരക്ക് വർദ്ധനവിന് കാരണമാകുമെന്നതിനാലും സെക്ഷൻ ഓഫീസുകൾ വിഭജിച്ച് പുതിയ സെക്ഷൻ ഓഫീസ് ആരംഭിക്കുന്ന കാര്യം പ്രായോഗികമല്ല. അതിനാൽ ആധുനിക സാങ്കേതിക വിദ്യകൾ കൂടി ഉപയോഗപ്പെടുത്തി വൈദ്യുത സേവന ങ്ങൾ മെച്ചപ്പെടുത്തുന്നതിനും സമയബന്ധി തമായി ലഭ്യമാക്കുന്നതിനും മുൻഗണന നൽകിക്കൊണ്ടുള്ള നടപടികളാണ് കെ.എസ്.ഇ.ബി.എൽ. നിലവിൽ സ്വീകരിച്ചു വരുന്നത്.<br><br>ഏത് ഉപഭോക്താവിനും കേരളത്തിലെ ഏതു സെക്ഷൻ ഓഫീസിലും വൈദ്യുത ബിൽ അടയ്ക്കാം എന്നുള്ള സൗകര്യത്തിനു പുറമെ സെക്ഷൻ ഓഫീസുകളെ സമീപിക്കാതെ തന്നെ വൈദ്യുതി ബില്ലുകൾ അടയ്ക്കുന്നതിനുള്ള e-payment സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. പുതിയ കണക്ഷനു-കൾക്കുള്ള അപേക്ഷകൾ കൂടാതെ നിലവിലുള്ള ഉപഭോക്താക്കളുടെ താരിഫ്, ഉടമസ്ഥാവകാശം, കണക്ടഡ് ലോഡ് എന്നിവ മാറ്റുന്നതിനും മീറ്റർ മാറ്റി സ്ഥാപിക്കുന്നതിനുമുള്ള അപേക്ഷകൾ ഓൺലൈൻ ആയി മാത്രം സ്വീകരിക്കുന്നതിനുള്ള സംവിധാനവും ഏർപ്പെടുത്തിയിട്ടുണ്ട്.<br><br>വൈദ്യുതി സംബന്ധമായ പരാതികൾ പരിഹരിക്കുന്നതിനു 24 മണിക്കൂറും പ്രവർത്തിക്കുന്ന കേന്ദ്രീകൃത ഉപഭോക്തൃ സേവന കേന്ദ്രവും 1912 എന്ന ടോൾ ഫ്രീ നമ്പറും, WhatsApp എന്ന സോഷ്യൽ മീഡിയ സംവിധാനം വഴി 9496001912 എന്ന നമ്പറിൽ ഉപഭോക്താക്കളുടെ പരാതി |

| | | | |
|---|---|---|---|
| | | | സ്വീകരിക്കുന്നതിനുള്ള സംവിധാനവും ഏർപ്പെടുത്തിയിട്ടുണ്ട്.<br><br>സേവനമേഖല കാര്യക്ഷമ മാക്കുന്നതിനായി "സേവനം വാതിൽ പ്പടിയിൽ" (Service at doorsteps) എന്ന പദ്ധതിയും നടപ്പിലാക്കിയിട്ടുണ്ട്. ഇത്തര ത്തിൽ ഉപഭോക്താക്കൾക്ക് സെക്ഷൻ ഓഫീസുകളെ സമീപിക്കാതെ തന്നെ വിവിധ സേവനങ്ങൾ വേഗത്തിൽ ലഭ്യമാകുന്നതിനുള്ള സംവിധാനങ്ങൾ നിലവിലുണ്ട്.<br><br>എന്നിരുന്നാലും ഉപഭോക്താക്കളുടെ എണ്ണം വർദ്ധിച്ചു വരുന്ന സാഹചര്യത്തിൽ ഉപഭോക്താക്കളുടെ എണ്ണം, വൈദ്യുതി ലൈനുകളുടെ നീളം, ട്രാൻസ്ഫോർമ റുകളുടെ എണ്ണം, പ്രവർത്തന മേഖലയുടെ വിസ്തീർണ്ണം എന്നിവ പരിശോധിച്ച് ഏകദേശം തുല്യത വരുത്തി സെക്ഷൻ ഓഫീസുകളെ പുനർ നിർണയിക്കുന്നതിനും സെക്ഷൻ ഓഫീസുകളെ ശാക്തീകരിക്കു ന്നതിനുമായുള്ള പ്രവൃത്തികൾ കെ.എസ്. ഇ.ബി.എൽ.-ൽ നടന്നു വരുന്നുണ്ട്. ആയതിനാൽ ഏരൂർ കേന്ദ്രീകരിച്ച് പുതിയ സെക്ഷൻ ആഫീസ് ആരംഭിക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല. |
| (ബി) | കൊല്ലം ജില്ലയിൽ പുനലൂർ ഡിവിഷനിലെ അഞ്ചൽ, കടയ്ക്കൽ സബ് ഡിവിഷനുകളിലെ സെക്ഷൻ ഓഫീസുകളും കൊട്ടാരക്കര ഡിവിഷനിലെ ആയൂർ, ചടയമംഗലം സെക്ഷൻ ഓഫീസുകളും ഉൾപ്പെടുത്തി അഞ്ചൽ കേന്ദ്രീകരിച്ച് പുതിയ ഡിവിഷൻ ഓഫീസ് അനുവദിക്കുന്ന വിഷയം പരിശോധിക്കുമോ; അതിനുള്ള സാധ്യതകൾ വിശദമാക്കാമോ? | (ബി) | പുതുതായി ഓഫീസുകൾ ആരംഭിക്കുന്നതിന് അധികമായി മാനവശേഷി ആവശ്യമായി വരുമെന്നതിനാലും പുതുതായി തസ്തികകൾ രൂപീകരിക്കു ന്നതിന് തടസ്സങ്ങൾ ഉള്ളതിനാലും അഞ്ചൽ കേന്ദ്രീകരിച്ച് പുതിയ ഡിവിഷൻ ഓഫീസ് ആരംഭിക്കുന്നത് ഇപ്പോൾ കെ.എസ്.ഇ.ബി.എൽ.-ന്റെ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ